Notice for adjournment motion

Uncorrected/Not for publication
19-09-2025

**നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിനുള്ള നോട്ടീസ്**

മി. സ്പീക്കർ: ശബരിമല ശ്രീകോവിലിലെ ദ്വാരപാലക ശില്പം പൊതിഞ്ഞ സ്വർണ്ണപ്പാളി അനുമതിയില്ലാതെ കൊണ്ടുപോയതായും സ്വർണ്ണപ്പാളിയുടെ ഭാരം കുറഞ്ഞതായി കണ്ടെത്തിയതായും ശബരിമലയോട് സർക്കാർ അവഗണന കാണിക്കുന്നതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിന് നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപമാണ് ഇന്ന് നൽകിയത്. ചട്ടം 50 പ്രകാരം ഇന്ന് നോട്ടീസ് ലഭിച്ച വിഷയം സംബന്ധിച്ച എല്ലാ കാര്യങ്ങളും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ സജീവ പരിഗണനയിലിരിക്കുന്നതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേരള നിയമസഭയുടെ നടപടിക്രമവും കൃത്യനിർവഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 52 (vii) പ്രകാരം നോട്ടീസ് സ്വീകാര്യമല്ലെന്ന് അറിയിക്കുന്നു. ഓർഡർ....ഓർഡർ... (...ബഹളം...) അദ്ദേഹം സംസാരിക്കട്ടെ. അദ്ദേഹം പറയട്ടെ. (...ബഹളം...) (...ബഹളം...) യെസ്... പ്ലീസ്...

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: (...ബഹളം...) (...ബഹളം...) ലീഡർ ഓഫ് ഒപ്പോസിഷൻ, പ്ലീസ്.. അവിടെ ഇരിക്കാൻ പറയൂ..(...ബഹളം...) ലീഡർ ഓഫ്

ഒപ്പോസിഷൻ പറയട്ടെ.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, (മൈക്ക് ഓഫ്)

മി. സ്പീക്കർ: ലീഡർ ഓഫ് ഒപ്പോസിഷൻ പറയട്ടെ. അദ്ദേഹത്തിന് സംസാരിക്കാവുന്നതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതുപോലെ നിരവധി പ്രീസിഡന്റ്സ് ഇവിടെയുണ്ടായിട്ടുണ്ട്. പല സർക്കാരിന്റെ സമയത്തും സബ്ജുഡീസാണെന്ന് പറയുന്ന കാര്യങ്ങൾപോലും ചർച്ചയ്ക്കെടുത്തിട്ടുണ്ട്. വളരെ ഗൗരവതരമായൊരു വിഷയമാണിത്. ബഹുമാനപ്പെട്ട ഹൈക്കോടതി വളരെ കൃത്യമായി ഇതിനെക്കുറിച്ച് അവരുടെ അഭിപ്രായം പറയുകയും അന്വേഷണത്തിന് ഉത്തരവിടുകയും ചെയ്ത കേസാണ്. അവിടെ ഒരു ക്ലോഷർ ഉണ്ടായിട്ടുണ്ട്. അന്വേഷണത്തിന് ഉത്തരവിട്ടിരിക്കുന്ന കേസാണ്.

മി. സ്പീക്കർ: യെസ്

ശ്രീ. വി. ഡി. സതീശൻ: സർ, ഗൗരവതരമായി ശബരിമല പോലുള്ള...... ഞാനൊന്ന് പറഞ്ഞോട്ടെ. അങ്ങ് യെസ് പറഞ്ഞാൽ ഞാൻ എങ്ങനെയാണ് പറയുന്നത്. എന്റെ ഒരു സെന്റൻസ് പോലും പൂർത്തിയാക്കാൻ സമ്മതിക്കുന്നില്ലല്ലോ?

മി. സ്പീക്കർ: യെസ്. അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇതൊരു റൈറ്റാണ്. സ്പീക്കറിന് ഇത് നിഷേധിക്കാനാകുമോ? ലീഡർ ഓഫ് ഒപ്പോസിഷന്റെ റൈറ്റാണിത്. ഒരു സെന്റൻസുപോലും പറയുന്നതിനുമുമ്പ് അങ്ങ് എല്ലാ വാക്കിനും യെസ് പറഞ്ഞാൽ ഞാൻ എങ്ങനെ പറയും?

മി. സ്പീക്കർ: അങ്ങ് പറയൂ.

ശ്രീ. വി. ഡി. സതീശൻ: സർ, ഇത് വളരെ ഗൗരവത്തോടുകൂടിയൊരു വിഷയമാണ്. ശബരിമലയിൽനിന്നും നാല് കിലോഗ്രാം സ്വർണ്ണം ബഹുമാനപ്പെട്ട ഹൈക്കോടതിയോ ഉദ്യോഗസ്ഥരോ അറിയാതെ അടിച്ചുമാറ്റിയൊരു വിഷയമാണ്. ശബരിമല ഭക്തരെ മുഴുവൻ ......

മി. സ്പീക്കർ: നോ...നോ...ഈ വിഷയം ഫ്ലോറിനകത്ത് 52 (vii) പ്രകാരം സബ്ജുഡീസാണെന്ന് വളരെ ക്ലിയർ കട്ടായി ഞാൻ പറഞ്ഞതാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അതിന് ഞാൻ...

മി. സ്പീക്കർ: ഞാൻ പറഞ്ഞല്ലോ..നിങ്ങൾ പ്രീസിഡന്റ്സ് പറഞ്ഞിട്ടുണ്ടാകും. 'Who will bell the cat?' എന്നു പറഞ്ഞതുപോലെ 'Someone has to bell the cat', ഇവിടെ ഈ ചെയർ പൂച്ചയ്ക്ക് മണി

കെട്ടുകയാണ്. ഇനി പ്രീസിഡന്റ് അനുവദിക്കുന്നതല്ല.

ശ്രീ. വി. ഡി. സതീശൻ:സർ, Let me complete. ഞാനൊന്ന് പറഞ്ഞുതീർത്തോട്ടെ. അയ്യപ്പഭക്തരെയും വിശ്വാസികളെയും മുഴുവൻ വിഷമത്തിലാക്കിയ ഗുരുതരമായ പ്രശ്നമാണിത്. സർക്കാരും ദേവസ്വം ബോർഡും അവരെ സംരക്ഷിക്കുകയാണ്. ഉത്തരവാദിത്വപ്പെട്ട ആളുകളുടെ പിന്തുണയോടുകൂടി നാല് കിലോഗ്രാം സ്വർണ്ണം ശബരിമലയിൽനിന്നും അടിച്ചുമാറ്റിയിട്ട് ഈ സഭയിൽ ഇത് അനുവദിക്കില്ലെന്ന് പറയുന്നത് വളരെ തെറ്റായൊരു കീഴ്വഴക്കമാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്): സർ, അങ്ങ് ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ ചട്ടത്തിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുള്ള കാര്യമാണിത്. അതറിഞ്ഞുകൊണ്ടുതന്നെയാണ് പ്രതിപക്ഷനേതാവ് ഇക്കാര്യം ഉന്നയിച്ചത്. കഴിഞ്ഞ മൂന്നുദിവസമായി നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം

ചർച്ചയ്ക്കെടുത്തതിന്റെ ക്ഷീണം തീർക്കാനും അതിൽനിന്ന് രക്ഷപ്പെടാനുമാണ് സബ്ജുഡീസാണെന്നറിഞ്ഞിട്ടും ടി വിഷയം ഇത്തവണ ഉയർത്തിക്കൊണ്ടുവന്നത്. ഇന്ന് ചർച്ചയ്ക്ക് ഇരിക്കേണ്ടിവന്നാലോ എന്ന് ഭയന്നിട്ടാണ്. കേരള നിയമസഭയുടെയും പാർലമെന്റിന്റെയും ചട്ടത്തിൽ ഇതുസംബന്ധിച്ച് വ്യക്തമായി പറയുന്നുണ്ട്. സബ്ജുഡീസായി കോടതിയുടെ പരിഗണനയിലുള്ള ഒരു വിഷയം ചർച്ച ചെയ്യാതിരിക്കുകയെന്നുള്ളത് ഇന്ത്യയിലെയും കേരളത്തിലെയും നിയമനിർമ്മാണ സഭകൾ പൊതുവിൽ പാലിച്ചുപോരുന്നതാണ്. ഈ വിഷയത്തിന്മേൽ മൂന്നാഴ്ചകൊണ്ട് റിപ്പോർട്ട് സമർപ്പിക്കാൻ ബഹുമാനപ്പെട്ട കോടതി സെപ്റ്റംബർ 17-ാം തീയതിയിൽ ഉത്തരവിട്ടിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയമാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്നൊരു വിഷയം ചെയർ ചർച്ച ചെയ്യാൻ അനുവദിക്കില്ലെന്നറിഞ്ഞിട്ടും ഈ ഉപക്ഷേപം കൊണ്ടുവന്നത് ആഗോള അയ്യപ്പ സംഗമം അട്ടിമറിക്കാൻ നടത്തിയ നീക്കങ്ങളെല്ലാം പരാജയപ്പെട്ടതിന്റെ ക്ഷീണവും കൊതിക്കെറുവുംമൂലമാണ്. ഇവർ ആദ്യം ആർ.എസ്.എസ്.-മായി ചേർന്ന് ആഗോള അയ്യപ്പ സംഗമം

തടയുമെന്ന് പ്രഖ്യാപിച്ചു. പിന്നീട് അവർ ബഹുമാനപ്പെട്ട ഹൈക്കോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയെ ആഗോള അയ്യപ്പ സംഗമം നടത്താമെന്ന് പറഞ്ഞു. അതിനെതിരെ ബഹുമാനപ്പെട്ട സുപ്രീംകോടതിയെ സമീപിച്ചു. ബഹുമാനപ്പെട്ട സുപ്രീംകോടതി കൈയോടെ ഹർജി തള്ളി. എല്ലാ ശ്രമങ്ങളും പരാജയപ്പെട്ടപ്പോൾ സഭയിൽ ആർ.എസ്.എസ്.-ന് ആളില്ലാത്തതിന്റെ കുറവ് പ്രതിപക്ഷനേതാവ് തന്നെ ഏറ്റെടുത്തിരിക്കുകയാണ്. 'അങ്ങാടിയിൽ തോറ്റതിന് അമ്മയോട്' എന്ന് സാധാരണയായി പറയാറുണ്ട്. ഇവിടെ കോടതിയിൽ തോറ്റതിന് ചെയറിനോടും സഭയോടുമാണ് ഇപ്പോൾ പരാക്രമം കാണിച്ചുകൊണ്ടിരിക്കുന്നത്. അനുവദിക്കാനാകില്ലെന്നത് വളരെ വ്യക്തമായ കാര്യമാണ്. അത്തരം കാര്യങ്ങളെക്കുറിച്ച് ചട്ടങ്ങളിൽ വ്യക്തമായി പറഞ്ഞിട്ടുണ്ട്. പിന്നെ കീഴ്വഴക്കം എന്നുപറഞ്ഞാൽ, കീഴ്വഴക്കത്തിനുമുകളിലാണ് ചട്ടം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ക്ലോസ് ചെയ്യുവെന്നാണ് പറഞ്ഞത്.

ക്ലോസ് ചെയ്തിട്ടില്ല. ഡേറ്റ് ഉൾപ്പെടെ വച്ചാണ് കേസ് മാറ്റിവച്ചിട്ടുള്ളത്. 30-ാം തീയതിക്ക് കേസ് വീണ്ടും വച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, കോടതിയുടെ പരിഗണനയിലിരിക്കുന്നൊരു വിഷയം നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപത്തിന്റെ ചർച്ചയാകരുത് എന്ന ചട്ടം വളരെ പ്രസക്തമാണ്. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇന്ന് എങ്ങനെ ശ്രമിച്ചാലും തള്ളാനിടയുള്ള ഒരു വിഷയം ഇന്നലെ രാത്രി മുഴുവനും ഇരുന്ന് ഗവേഷണം നടത്തി കണ്ടെത്തിയതാണ്. അല്ലെങ്കിൽ ഇവിടെ വന്നാൽ അതിനൊരു ചർച്ച അനുവദിച്ചാൽ ഇന്നലത്തേക്കാളും മിനഞ്ഞാന്നത്തേക്കാളും കൂടുതൽ പരിഹാസ്യമായി ഇറങ്ങിപ്പോകേണ്ടിവരുമെന്നൊരു ഗതികേട് മാറ്റാൻ വേണ്ടിമാത്രം നടത്തിയ ശ്രമമായി അത് കണ്ടാൽ മതി. കേരളത്തിലെ വിശ്വാസസമൂഹം കക്ഷി രാഷ്ട്രീയത്തിനതീതമായി ദേവസ്വം ബോർഡിന്റെയും ദേവസ്വം വകുപ്പിന്റെയുമെല്ലാം സഹായത്തോടുകൂടി ആഗോള അയ്യപ്പ മഹാസംഗമം നടത്താൻ എല്ലാ തയ്യാറെടുപ്പുകളും നടത്തിയിരിക്കുകയാണ്. അതിൽ ഇപ്പോൾ എങ്ങനെയെങ്കിലും പങ്കെടുക്കാതെ പോകുമ്പോഴുള്ളൊരു ജാള്യം എങ്ങനെ മറയ്ക്കണമെന്ന ശ്രമം ഈ രൂപത്തിൽ കൊണ്ടുവരുന്നത്

അങ്ങേയറ്റം തെറ്റാണെന്നാണ് സൂചിപ്പിക്കാനുള്ളത്.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഈ വിഷയത്തെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമായി പാർലമെന്ററികാര്യ വകുപ്പുമന്ത്രിയും നിയമ വകുപ്പുമന്ത്രിയും സൂചിപ്പിച്ചു. ആഗോള അയ്യപ്പ സംഗമം ഇന്ന് ഭംഗിയായി ഫലപ്രദമായി നടക്കുന്നതിനുവേണ്ടിയുള്ള എല്ലാ മുന്നൊരുക്കങ്ങളും സ്വീകരിച്ചുകഴിഞ്ഞ്, ഇതുസംബന്ധിച്ച് കേരള ഹൈക്കോടതിയിലും സുപ്രീംകോടതിയിലും വന്ന എല്ലാ ഹർജികളും തള്ളി ഇതുമായി മുന്നോട്ടുപോകാനുള്ള അനുമതിയും നൽകി. വിദേശ പ്രതിനിധികൾ ഉൾപ്പെടെ പങ്കെടുക്കുന്ന രൂപത്തിലേയ്ക്കുള്ള എല്ലാ ക്രമീകരണങ്ങളും പൂർത്തിയായിക്കഴിഞ്ഞുവെന്ന് മനസ്സിലാക്കിക്കൊണ്ടാണ്, അതിന് മങ്ങലേല്പിക്കാൻ കഴിയുമോ എന്നൊരു പാഴ്ശ്രമമാണ് യഥാർത്ഥത്തിൽ ഈ പ്രമേയത്തിന്റെ പിന്നിലുള്ളത്. 2019-ലെ വിഷയമാണിത്. ഇപ്പോഴത്തെ വിഷയവുമല്ല. 2019-ൽ സ്വർണ്ണപ്പാളി കൊണ്ടുപോയി കൊടുത്തതുമായി ബന്ധപ്പെട്ട കാര്യങ്ങളെക്കുറിച്ചൊരു പരിശോധന നടത്താൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ദേവസ്വം

വിജിലൻസ് ഓഫീസർക്ക് ഉത്തരവ് നൽകി. 30-ാം തീയതി വീണ്ടും ഈ കേസ് അന്വേഷിച്ച് റിപ്പോർട്ട് നൽകാനും പറഞ്ഞിട്ടുണ്ട്. അത്രത്തോളം നടപടി വന്നൊരു കേസിന്മേൽ ചർച്ച നടത്തിയാൽ അത് സബ്ജുഡീസാകുമെന്നത് അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ 52 (vii) അനുസരിച്ച് വളരെ ശരിയാണ്.